# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2332** **06.10.2016-ൽ മറുപടിയ്ക്ക്**

<u>കായലുകളിൽ മത്സ്യബന്ധനം ദുഷ്കരമാകുന്ന സാഹചര്യം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ബി.സത്യൻ<br>ശ്രീ. കെ.ജെ. മാക്സി: | | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കായലുകളിലെ പോള-പായൽ ശല്യം നിമിത്തം മത്സ്യബന്ധനം ദുഷ്കരമായി തീരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) എങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി മത്സ്യബന്ധന വകുപ്പ് ഇതിനോടകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ബി) | കുട്ടനാടൻ ജലാശയങ്ങളിൽ അനുഭവപ്പെടുന്ന പോള/കുളവാഴ ശല്യത്തിനു പരിഹാരമായി കുളവാഴ നിർമ്മാർജ്ജനവും ഉപയോഗവും എന്ന പദ്ധതി ഫിർമ 2010-11 മുതൽ നടപ്പാക്കിയിരുന്നു. പദ്ധതിയ്ക്കായി 21.29 കോടി രൂപ ഭരണാനുമതി നൽകുകയും 16.48 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ച് 20.06.2014 ൽ പദ്ധതി പൂർത്തിയാക്കുകയും ചെയ്തിരുന്നു. പദ്ധതി വഴി 174 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും ഒരു ബയോഗ്യാസ് പ്ലാന്റും (കോട്ടയം ജില്ലയിലെ കോടിമാതയിൽ) സ്ഥാപിച്ചു. കായലിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങളാണ് പോള/കുളവാഴ ശല്യം വർദ്ധിപ്പിക്കുന്നതിന് പ്രധാന ഹേതുവെന്നതിനാൽ ജലാശയങ്ങളെ മാലിന്യവിമുക്തമാക്കുകയാണ് ശാശ്വതപരിഹാരം. കുളവാഴ നിർമ്മാർജ്ജനത്തിന്റെ പേരിൽ ഫിഷറീസ് വകുപ്പ് മുൻപ് നടപ്പാക്കിയ പദ്ധതികൾ ഫലപ്രദമല്ലെന്ന് കണ്ട് അത്തരം പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ലെന്നാണ് തീരുമാനം. |
| സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പോള വാരൽ നിർവ്വഹിക്കുന്നത് നിമിത്തം ഉണ്ടാകുന്ന അധിക ചെലവ് മത്സ്യബന്ധന വകുപ്പ് വഹിക്കുന്നത് സംബന്ധിച്ച് | സി) യും ഡി) യും ഇ) യും | തദ്ദേശസ്വയംഭരണവകുപ്പ് ഇത് സംബന്ധിച്ച ഉത്തരവുകളൊന്നും നൽകിയിട്ടില്ല. |

തദ്ദേശസ്വയംഭരണ വകുപ്പ് എന്തെങ്കിലും ഉത്തരവുകൾ വകുപ്പിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

ഡി) പായൽ വാരുന്നതിനാവശ്യമായ മെഷീനുകൾ ഘടിപ്പിച്ച വാഹനങ്ങൾ ഉപയോഗിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് സംബന്ധിച്ച് മത്സ്യബന്ധന വകുപ്പ് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ എന്തൊക്കെയാണ്;

ഇ) വർഷത്തിൽ എത്ര തവണ ഇപ്രകാരം പായൽ വാരുമെന്നതു സംബന്ധിച്ചും വാരിയ പായലുകൾ നശിപ്പിയ്ക്കുന്നത് സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുമോ?

സെക്ഷൻ ആഫീസർ